**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 811** **26-07-2021 - ൽ മറുപടിയ്ക്ക്**

**സമഗ്ര ശിക്ഷാ കേരള**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Shri V Sivankutty (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2020-21 വർഷത്തിൽ സമഗ്ര ശിക്ഷാ കേരള മുഖേന കേരളത്തിലെ പൊതുവിദ്യാഭ്യാസ രംഗത്ത് ഏതൊക്കെ മേഖലയിലാണ് ഫണ്ട് വിനിയോഗം നടന്നതെന്നും ഇതിനായി ചെലവഴിക്കപ്പെട്ട തുക എത്രയാണെന്നും അറിയിക്കുമോ; | (എ) | 2020-21 പൊതുവിദ്യാഭ്യാസ മേഖലയിൽ സമഗ്ര ശിക്ഷാ കേരള മുഖേന വിനിയോഗം നടന്ന മേഖലകൾ ചുവടെ ചേർക്കുന്നു. ആദിവാസി മേഖലയിലുള്ള കുട്ടികളുടെ വിദ്യാഭ്യാസം നിർമ്മാണ പ്രവർത്തനങ്ങൾ സൗജന്യ പാഠപുസ്തകം സൗജന്യ യൂണിഫോം കോമ്പോസിറ്റ് സ്കൂൾ ഗ്രാന്റ്, ലൈബ്രറി ഗ്രാന്റ് സ്കൂളിനു പുറത്തുള്ള കുട്ടികളെ സ്കൂളിലെത്തിക്കൽ കമ്മ്യൂണിറ്റി മൊബിലൈസേഷൻ & മീഡിയ ക്വാളിറ്റി ഇന്റർവെൻഷൻസ് പഠന പരിപോഷണ പരിപാടി നൂതനാശയ പ്രവർത്തനങ്ങൾ രാഷ്ട്രീയ ആവിഷ്കാർ അഭിയാൻ സ്പെഷ്യലിസ്റ്റ് അധ്യാപക നിയമനം അധ്യാപക പരിശീലനം പ്രീസ്കൂൾ വിദ്യാഭ്യാസം അസസ്മെന്റ് അറ്റ് നാഷണൽ & സ്റ്റേറ്റ് ലെവൽ വൊക്കേഷണൽ എഡ്യൂക്കേഷൻ പെൺകുട്ടികളുടെ വിദ്യാഭ്യാസം കായിക വിദ്യാഭ്യാസം ഉൾച്ചേർക്കൽ വിദ്യാഭ്യാസം ഡയറ്റ്, എസ്.സി.ഇ.ആർ.ടി യുടെ പ്രവർത്തനങ്ങൾ 2020-21 പൊതുവിദ്യാഭ്യാസ മേഖലയിൽ സമഗ്ര ശിക്ഷാ കേരള 43630.97 ലക്ഷം രൂപ ചെലവഴിച്ചു. |
| (ബി) | ഈ കാലയളവിൽ സ്കൂളുകൾ തുറന്ന് പ്രവർത്തിക്കാത്ത സാഹചര്യത്തിൽ എസ്.എസ്.കെ. ഫണ്ട് ചെലവഴിക്കപ്പെടാത്ത സാഹചര്യം നിലവിലുണ്ടോ; എങ്കിൽ ഈ വർഷവും പ്രസ്തുത തുക ചെലവഴിക്കാൻ കഴിയാതെ വരുമെന്ന് കരുതുന്നുണ്ടോ; | (ബി) | ഇല്ല. അനുവദിക്കുന്ന തുക അംഗീകരിച്ച പദ്ധതികൾക്കായി ചെലവഴിക്കാൻ കഴിയുന്നതാണ്. കേന്ദ്ര അനുമതി ലഭിച്ച പദ്ധതികൾ മാത്രമേ സമഗ്രശിക്ഷാ കേരള വഴി നടപ്പിലാക്കാൻ കഴിയുകയുള്ളു. |
| (സി) | എങ്കിൽ ഈ തുക ഉപയോഗിച്ച് വിദ്യാർത്ഥികൾക്ക് മൊബൈൽ, ടാബ്, ടി.വി. മുതലായ ഓൺലൈൻ പഠന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള സാധ്യതകൾ സർക്കാർ ആരായുകയുണ്ടായോ; | (സി) | ഇല്ല. അനുവദിക്കുന്ന തുക അംഗീകരിച്ച പദ്ധതികൾക്കായി ചെലവഴിക്കാൻ കഴിയുന്നതാണ്. കേന്ദ്ര അനുമതി ലഭിച്ച പദ്ധതികൾ മാത്രമേ സമഗ്രശിക്ഷാ കേരള വഴി നടപ്പിലാക്കാൻ കഴിയുകയുള്ളു. |
| (ഡി) | ഇല്ലെങ്കിൽ ഇതിനായി എന്തൊക്കെ അടിന്തര | (ഡി) | ഇല്ല. അനുവദിക്കുന്ന തുക അംഗീകരിച്ച |

| | | | |
|---|---|---|---|
| | നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ? | | പദ്ധതികൾക്കായി ചെലവഴിക്കാൻ കഴിയുന്നതാണ്. കേന്ദ്ര അനുമതി ലഭിച്ച പദ്ധതികൾ മാത്രമേ സമഗ്രശിക്ഷാ കേരള വഴി നടപ്പിലാക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ